**മറ്റൊരു മനുഷ്യാവകാശദിനം കൂടി കടന്നുപോയി. അപ്പോഴും കാസർകോട്ടെ എൻഡോസൾഫാൻ ഇരകൾക്ക് കിട്ടേണ്ട നീതി ഫയലുകളിൽ ഉറങ്ങുന്നു**

കെ. സുജിത്

# മനുഷ്യാവകാശ നിഷേധത്തിന്റെ ഇരകൾ

എൻഡോസൾഫാൻ ഇര: സിനാൻ



ഇത് സിനാൻ. തലച്ചോർ ചുരുങ്ങിയും കണ്ണില്ലാതെയും കാസർകോട്ടെ എൻഡോസൾഫാൻ വിഷമഴയിൽ തളിർക്കുന്ന അദ്ഭുതശിശുക്കളിൽ മൂന്നുമാസം മുൻപെത്തിയ അതിഥി. സിനാൻ ജനിച്ച് രണ്ടാഴ്ചയ്ക്കുശേഷമാണ് വീട്ടുകാർക്ക് സംശയം തോന്നിയത്. ഒടുവിൽ വൈദ്യശാസ്ത്രം വിധിച്ചതും ഭയപ്പെട്ടതുതന്നെ എൻഡോസൾഫാൻ! കാസർകോട് അമ്പലത്തറ ഗ്രാമത്തിലെ വാടകവീട്ടിൽ നിർദ്ധനരായ മാതാപിതാക്കളുടെ മനസ്സിൽ തീ കോരിയിട്ടുകൊണ്ട് സിനാന്റെ തല വളരുകയാണ്. രണ്ട് ലക്ഷം രൂപ ചെലവിൽ നടത്തിയ ശസ്ത്രക്രിയയ്ക്കുശേഷം ശരീരത്തിൽ ട്യൂബും പേറിയാണ് കുഞ്ഞുസിനാന്റെ ജീവിതം. ട്യൂബ് നീക്കം ചെയ്യാൻ രണ്ട് ലക്ഷം കൂടി വേണം. എന്നാൽ സാധാരണക്കാരായ സിനാന്റെ മാതാപിതാക്കൾക്ക് ഇത് താങ്ങാനാവുന്നതല്ല. ക്യാമറക്കണ്ണുകളിലേക്ക് പിറന്നു വീഴുന്ന കുഞ്ഞിന്റെ മനുഷ്യാവകാശത്തെക്കുറിച്ച് ആകുലപ്പെടുന്ന നാട്ടിലാണ് സിനാനും ജനിച്ചത്. മാതൃത്വത്തിന്റെ മഹനീയതയും പവിത്രതയും സംരക്ഷിക്കേണ്ടവരെ കാസർകോട്ടെ നൂറുകണക്കിന് അമ്മമാരുടെ വിഷമയമായ ഗർഭപാത്രങ്ങൾ സമ്മാനിക്കുന്ന കരൾപിളരും കാഴ്ചകൾ ഇപ്പോൾ അലോസരപ്പെടുത്തുന്നില്ല. പൊതുസമൂഹം തീർത്ത പ്രതിരോധം കാസർകോട്ടുനിന്നും പിൻവാങ്ങുകയാണോയെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു.

ഡിസംബർ 10-ന് മറ്റൊരു മനുഷ്യാവകാശദിനം കൂടി കടന്നുപോയി. മുൻ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ കെ.ജി. ബാലകൃഷ്ണൻ കാസർകോട്ടെ ഇരകളുടെ ദുരന്തചിത്രം നേരിട്ടുകണ്ട് മനസ്സിലാക്കിയിരുന്നു. കാസർകോടിന്റെ അവികസിത പഞ്ചായത്തുകളിൽ എൻഡോസൾഫാനോടും ഭരണകൂടത്തോടും മല്ലിട്ട് ജീവിക്കുന്ന ആയിരങ്ങളുടെ ദുരിത ജീവിതം കെ.ജി ബാലകൃഷ്ണനെ വേദനിപ്പിച്ചുവെന്ന് വേണം കരുതാൻ. 2000-ൽ ഉപയോഗം നിർത്തിയെങ്കിലും പുതുതലമുറയുടെ ജനിതക ഘടനയെത്തന്നെ അട്ടിമറിക്കുന്ന വിധത്തിൽ എൻഡോസൾഫാൻ കാസർകോടിനെ കീഴ്പ്പെടുത്തിയെന്ന് കമ്മീഷൻ സർക്കാരിനെ അറിയിച്ചു. ഇക്കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടിയന്തരമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് 2010 ഡിസംബർ 31-ന് റിപ്പോർട്ട് സമർപ്പിച്ചു.

### കണ്ണുതുറക്കാത്ത സർക്കാർ

നിരോധനവും പുനരധിവാസവും ഇരകളുടെ പതിറ്റാണ്ടുകാലത്തെ ഈ ആവശ്യത്തെ പൂർണമായും പിന്തുണയ്ക്കുന്നതായിരുന്നു കമ്മീഷൻ നിർദ്ദേശങ്ങൾ. നിരോധനത്തിന് നിയമനിർമാണം നടത്തണമെന്ന് കമ്മീഷൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. രാജ്യത്തെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കണക്കെടുക്കുക, നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും സംസ്ഥാന

സർക്കാരുകൾക്ക് സഹായം നൽകുക, പതിനൊന്ന് പഞ്ചായത്തുകളിലായി ആയിരക്കണക്കിന് ഇരകൾ അധിവസിക്കുന്ന കാസർകോഡ് മെച്ചപ്പെട്ട ചികിത്സാ സൗകര്യത്തിനായി കേന്ദ്ര മെഡിക്കൽ കോളേജ് സ്ഥാപിക്കുക തുടങ്ങിയ പ്രധാന നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിനു മുന്നിലെത്തി. ഇരകൾക്ക് ധനസഹായവും പുനരധിവാസവും ഉറപ്പാക്കേണ്ട സംസ്ഥാന സർക്കാരിന്റെ ധാർമികമായ ബാധ്യതയെയും കമ്മീഷൻ ഓർമിപ്പിച്ചു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും പൂർണമായും കിടപ്പിലായവർക്കും മാനസിക വെല്ലുവിളി നേരിടുന്നവർക്കും അഞ്ച് ലക്ഷവും മറ്റുള്ള രോഗികൾക്ക് മൂന്ന് ലക്ഷവും കമ്മീഷൻ ശുപാർശ ചെയ്തിട്ട് വർഷം രണ്ടാകുന്നു. കമ്മീഷൻ നിർദ്ദേശങ്ങൾ സർക്കാരിന്റെ കണ്ണുതുറപ്പിച്ചിട്ടില്ലെന്നതിന് കാസർകോട്ടേക്കൊന്നു വന്നാൽ മതിയാകും. ഇരകൾ എത്രയുണ്ടെന്ന് ചോദിച്ചാൽ പോലും ഭരണകൂടം കൈമലർത്തും. പട്ടികയുണ്ടാക്കലും വെട്ടലും കൂട്ടിച്ചേർക്കലുമൊക്കെ വിവാദത്തിന്റെ അകമ്പടിയോടെ അരങ്ങേറാൻ തുടങ്ങിയിട്ട് വർഷങ്ങളായി. കഴിഞ്ഞ വർഷം ഇരുപത്തിയൊൻപത് മെഡിക്കൽ ക്യാമ്പുകളിലായി 26,200 പേരെ സർക്കാർ തീരുമാന പ്രകാരം വിദഗ്ധ ഡോക്ടർമാരുടെ സംഘം പരിശോധിച്ചു. 4880 രോഗികൾ നിശബ്ദ കൊലയാളിയുടെ ഇരകളാണെന്ന് ഇതേ സംഘം കണ്ടെത്തി. ധനസഹായപട്ടിക വന്നപ്പോൾ അത് 4182 ആയി കുറഞ്ഞു. 2012 ജനുവരി 12– ന് സംസ്ഥാന സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം 1729 പേർക്ക് മൂന്ന് ലക്ഷവും 2453 പേർക്ക് അഞ്ച് ലക്ഷവും നൽകും. മാസങ്ങൾക്കുശേഷം ഇതിൽ 101 പേർക്ക് ഒന്നരലക്ഷം രൂപ വിതരണം ചെയ്തു. ഇതിനോടുകൂടിത്തന്നെ സർക്കാർ ധനസഹായത്തിന് പടിക്കുപുറത്ത് നിൽക്കേണ്ടി വന്ന ബെള്ളൂർ പഞ്ചായത്തിലെ എൻഡോസൾഫാൻ ഇര ജാനുനായകിന്റെ ആത്മഹത്യാവാർത്തയുമെത്തി. ആത്മഹത്യയിൽ അഭയം തേടേണ്ടിവരുന്ന ഇരകളുടെ ദയനീയതയൊന്നും സർക്കാരിനെ അലോസരപ്പെടുത്തിയില്ലെന്ന് അടുത്ത പട്ടികയും തെളിയിച്ചു. 512 പേരുടെ പട്ടികയിൽനിന്നും അതീവ ഗുരുതരാവസ്ഥയിലുള്ളവർ പോലും പുറത്ത്. അഞ്ചുവർഷംകൊണ്ട് ഇരകൾക്കുള്ള എല്ലാ സഹായവും നിർത്തലാക്കുമെന്ന് സർക്കാർ ഉത്തരവും ഇതിനിടെ വെളിച്ചത്തായി. ധനസഹായ വിതരണം അട്ടിമറിക്കാൻ സർക്കാർ തലത്തിൽ നടന്ന ഒത്തുകളി പുറത്താവുകയും ജനരോഷമുയരുകയും ചെയ്തതോടെ സർക്കാർ പിന്മാറി. അർഹരായവരെ കണ്ടെത്താൻ പഞ്ചായത്ത് തലത്തിൽ ക്യാമ്പ് നടത്താനായിരുന്നു പിന്നിടുള്ള തീരുമാനം. പരിശോധനയിലെ അപാകത ആരോപിച്ച് ബെള്ളൂർ പഞ്ചായത്ത് ക്യാമ്പ് ബഹിഷ്കരിച്ചുവെങ്കിലും മറ്റ് പത്ത് പഞ്ചായത്തുകളിലും പരിശോധന പൂർത്തിയായി. ഇപ്പോൾ അറിയാൻ കഴിയുന്നത് 1502 പേർക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശപ്രകാരമുള്ള ധനസഹായം ഉടൻ വിതരണം ചെയ്യുമെന്നാണ്. കിടപ്പിലായവർക്കും മാനസിക വെല്ലുവിളി നേരിടുന്നവർക്കും ഒന്നര ലക്ഷവും ശാരീരിക വൈകല്യം അനുഭവിക്കുന്നവർക്ക് ഒരു ലക്ഷവും വിതരണം ചെയ്യുമെന്നാണ് സർക്കാർ അറിയിപ്പ്. ഇരകൾ ഇതിന്റെ എത്രയോ ഇരട്ടിയാണെന്ന് മുമ്പേ സർക്കാർ സമ്മതിച്ചിട്ടുണ്ട്. അപ്പോൾ മറ്റുള്ളവർ?

## സ്ഥാപിത താല്പര്യക്കാരുടെ 'വികസനം'

സർക്കാർ തീരുമാനമെന്നത് തന്നെ കാസർകോട്ടെ എൻഡോസൾഫാൻ ബാധിതരെ സംബന്ധിച്ച് തമാശയാണ്. കേന്ദ്ര പദ്ധതികളിലൂടെ വികസനം കാസർകോട്ടിന്റെ പാറപ്പുറത്ത് പാറി നടക്കുന്നുവെന്ന് അവകാശപ്പെടുമ്പോൾ ആയിരക്കണക്കിന് ദുരിതബാധിതരുടെ ജീവിക്കുവാനുള്ള അവകാശത്തെ അവഹേളിക്കുകയാണ് സർക്കാർ ഇതുവരെ ചെയ്തത്. കേന്ദ്രപദ്ധതികളായ കെല്ലും ഭെല്ലും എച്ച്.എ.എല്ലും വരയ്ക്കുന്ന വികസന ഭൂപടത്തിൽ എൻഡോസൾഫാൻ ഇരകൾ ഭരണകൂടത്തിന് അപരിഷ്കൃതരും അരികുമാറ്റപ്പെട്ടവരുമാണ്. അന്തസ്സോടെയും ആരോഗ്യത്തോടെയും ജീവിക്കാനുള്ള ജനതയുടെ അവകാശങ്ങൾക്കു നേരെ യുദ്ധം ചെയ്യുകയാണ് ഭരണകൂടം. ആയിരക്കണക്കിന് ഇരകൾ അധിവസിക്കുന്ന കാസർകോട്ട് മെച്ചപ്പെട്ട ചികിത്സാസൗകര്യം പോലുമില്ലെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടാണ് മനുഷ്യാവകാശ കമ്മീഷൻ മെഡിക്കൽ കോളേജ് അനുവദിക്കാൻ കേന്ദ്രത്തിന് ശുപാർശ നൽകിയത്. കേന്ദ്ര സർവകലാശാലയ്ക്കു കീഴിൽ അനുവദിക്കപ്പെടുന്ന മെഡിക്കൽ കോളേജ് കാസർകോട്ടെത്തുമെന്ന് ഇരകൾ ന്യായമായും പ്രതീക്ഷിച്ചു ഇതിനായി സ്ഥലവും കണ്ടെത്തി. എന്നാൽ മെഡിക്കൽ കോളേജ് പത്തനംതിട്ടയിലേക്ക് മാറ്റാൻ തുടക്കം മുതൽ നടത്തിയ ചരടുവലി ലക്ഷ്യത്തിലെത്താൻ പോകുന്നു. പത്തനംതിട്ടയിലെ തിരുവല്ലയിൽ കേന്ദ്ര സർവകലാശാലയ്ക്ക് സ്ഥലം അനുവദിച്ചതോടെ ഇരകളുടെ ആശങ്ക വർദ്ധിച്ചിരിക്കുകയാണ്. വിദഗ്ധ ചികിത്സയ്ക്കായി മംഗലാപുരത്തെ സ്വകാര്യ ആശുപത്രികളിൽ അഭയം തേടി കടംകേറി കിടപ്പാടം നഷ്ടപ്പെടുന്ന ഇരകളുടെ മുന്നിലൂടെയാണ് അർഹമായ മെഡിക്കൽ കോളേജ് കടത്തിക്കൊണ്ടു പോകാൻ ശ്രമം നടക്കുന്നത്. പത്തനംതിട്ട എം.പി. ആന്റോ ആന്റണിക്കുവേണ്ടി ഇതിനായി ചരടുവലിക്കുന്നതാകട്ടെ മുഖ്യമന്ത്രിയും കെ.പി.സി.സി. പ്രസിഡന്റും. പരസഹായമില്ലാതെ പ്രാഥമിക കൃത്യങ്ങൾ പോലും നിർവഹിക്കാൻ കഴിയാത്ത നൂറുകണക്കിന് നിത്യരോഗികൾക്ക് ആശ്വാസമായി അനുവദിക്കപ്പെട്ട അത്യാധുനിക സംവിധാനങ്ങളുള്ള ആംബുലൻസും ജില്ലയിൽനിന്നും കടത്തികൊണ്ടുപോയി. പകരം വന്നത് സാധാരണ ആംബുലൻസും. ദാരിദ്ര്യത്തിന്റെ കരിപുരണ്ടിരിക്കുന്ന കുടിലുകൾ പോലും നഷ്ടപ്പെടുമെന്ന ഭീകരാവസ്ഥയിലാണ് ഇരകൾ. ചികിത്സിച്ച് കടം കേറിയപ്പോൾ ബാങ്കുകൾ ജപ്തി നടപടിയുമായി വീട്ടുമുറ്റത്തെത്തി. കിടപ്പാടം നഷ്ടപ്പെടാതിരിക്കാൻ സെക്രട്ടേറിയറ്റ് കയറിയിറങ്ങുകയാണ് ഇരകൾ. ജാനുനായിക്കുമാർ ഇനിയും ആവർത്തിക്കപ്പെ

**തങ്ങളുടെ അമ്മമാരുടെ ഗർഭപാത്രങ്ങൾ വിഷവിമുക്തമാക്കാൻ സിനാനെപ്പോലുള്ള നൂറുകണക്കിന് കുഞ്ഞുങ്ങൾ നിശബ്ദമായി യാചിക്കുമ്പോൾ 'ഹൃദയശൂന്യനായ വ്യവസായി'യെ പോലെയാണ് ഭരണകൂടം പെരുമാറുന്നത്**



ടുമെന്ന ആശങ്കയും അതുകൊണ്ട് തന്നെ അസ്ഥാനത്തല്ല. സർക്കാർ തീരുമാനം ഇരകളെ സംബന്ധിച്ചിടത്തോളം ക്രൂരമായ തമാശയായി മാറാതിരിക്കുന്നതെങ്ങനെ?

## തനിനിറം കാട്ടുന്ന ഭരണകൂടം

സമരമല്ലാതെ മാർഗമില്ലെന്ന് കാസർകോട്ടെ ഇരകൾ എത്രയോ തവണ അനുഭവിച്ചറിഞ്ഞിരിക്കുന്നു. കാസർകോട്ടെ ഇരകളുടെ ദൈന്യത സംസ്ഥാനത്തിന്റെ പൊതുവികാരമായി പ്രതിഷേധം അലയടിച്ചപ്പോൾ ഭരണകൂടം സമരക്കാർക്കൊപ്പം നിന്നു. എന്നാൽ പൊതുസമൂഹത്തിന്റെ ജാഗ്രത കാസർകോട്ടുനിന്നും അപ്രത്യക്ഷമാകാൻ തുടങ്ങിയതോടെ ഭരണകർത്താക്കൾ തനിനിറം പുറത്തെടുത്തു തുടങ്ങിയിരിക്കുന്നു. വാഗ്ദാനങ്ങളിൽ ഒതുങ്ങുന്ന നടപടികൾ പ്രതിഷേധസ്വരങ്ങളെ തണുപ്പിക്കില്ലെന്ന് വ്യക്തമായതോടെ അവഹേളനത്തിന്റെ വഴി തേടി സർക്കാരുകൾ. പൊതുസമൂഹത്തിന്റെ നിഷ്ക്രിയത്വം ഇതിന് ആക്കം കൂട്ടി.

ദുരിതം നേരിട്ടു മനസ്സിലാക്കാനും പരിഹാരം കാണുവാനുമായി മന്ത്രിമാരും ജനപ്രതിനിധികളും ഇടതടവില്ലാതെ കാസർകോട്ടേക്ക് എത്തിക്കൊണ്ടിരിക്കുന്നു. സെക്രട്ടേറിയറ്റിന് മുന്നിൽ അമ്മമാരുടെ അനിശ്ചിതകാല സത്യാഗ്രഹം നടക്കുന്ന വേളയിൽ കാസർകോട്ടെത്തിയ കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല മുഖ്യമന്ത്രിയുമായുള്ള ചർച്ചയ്ക്ക് അവസരമൊരുക്കി. ജൂൺ 12-ന് നിയമസഭാമന്ദിരത്തിൽ കൂടിക്കാഴ്ച നടന്നു. കാസർകോട്ടു കണ്ട ചെന്നിത്തലയായിരുന്നില്ല തലസ്ഥാനത്തെത്തിയപ്പോൾ. "കടമൊന്നും എഴുതിതള്ളാൻ പറ്റില്ല, വേണമെങ്കിൽ ഒരു മെഡിക്കൽ ക്യാമ്പ് വെയ്ക്കാം'' എന്നതായിരുന്നു ചെന്നിത്തലയുടെ ഔദാര്യം. "പേരാമ്പ്രയിലൊന്നും ഇല്ലാത്ത പ്രശ്നങ്ങൾ വെറുതെ ഉണ്ടാക്കരുത്'' എന്ന താക്കീതും. ആവശ്യത്തിന് ഡോക്ടർമാരില്ലാത്തതിനാൽ ചികിത്സ മുടങ്ങുന്ന കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ "അങ്ങോട്ടേക്ക്

ഡോക്ടർമാർ വരാൻ തയാറാകാത്തതിൽ ഞാനെന്തു ചെയ്യാനാ'' എന്ന മറുപടിയാണ് സമരക്കാർക്ക് ലഭിച്ചത്. ജൂലൈയിൽ കാസർകോട്ടു നടന്ന കോൺകോഡ് പരിപാടിയിൽ പങ്കെടുക്കാനെത്തിയ മുഖ്യമന്ത്രിയെ കാത്ത് സമരപ്പന്തലിൽ അമ്മമാർ കാത്തിരുന്നു. അതിവേഗത്തിൽ വന്ന മുഖ്യമന്ത്രി സമരക്കാരെ തിരിഞ്ഞുനോക്കിയതേയില്ല.

## അതിവേഗം വേദിവിട്ട മുഖ്യമന്ത്രി

സമരം ശക്തമായ സാഹചര്യത്തിൽ ആഗസ്റ്റ് 23ന് വീണ്ടും ചർച്ചയ്ക്ക് മുഖ്യമന്ത്രി വഴങ്ങി. അമ്മമാരുടെ വേദനകൾ മുഖ്യമന്ത്രിയുടെ മനസലിയിക്കുമെന്ന കണക്കുകൂട്ടലിൽ സമരം ചെയ്യുന്ന അമ്മമാർ തന്നെ ചർച്ചയ്ക്കു പോകാൻ തീരുമാനിച്ചു. തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഓഫീസിനു മുന്നിലെത്തിയ അമ്മമാരുടെ സംഘത്തിന് മുഖ്യമന്ത്രിക്ക് ഇങ്ങനെയൊരു പരിപാടി ഇല്ലെന്നായിരുന്നു ലഭിച്ച മറുപടി. എങ്കിലും മണിക്കൂറുകൾ കാത്തിരുന്ന് മുഖ്യമന്ത്രിയെ കണ്ടപ്പോൾ പരാതി കേൾക്കാൻ പോലും നിൽക്കാതെ ഉമ്മൻചാണ്ടി ഇറങ്ങിപ്പോയി. കൂടെയുണ്ടായിരുന്ന മന്ത്രി മുനീറും കാസർകോട്ടെ ജനപ്രതിനിധികളായ ഇ. ചന്ദ്രശേഖരൻ, എൻ.എ. നെല്ലിക്കുന്ന്, അബ്ദുൾ റസാഖ് എന്നിവരും മുഖ്യമന്ത്രിയോടൊപ്പം ഇറങ്ങി. സർക്കാരിന്റെ വാക്ക് വിശ്വസിച്ച് മണിക്കൂറുകൾ യാത്ര ചെയ്ത് മുഖ്യമന്ത്രിയെ കണ്ടപ്പോൾ ഏറ്റ അപമാനം അമ്മമാർക്ക് താങ്ങാനാവുന്നതിലേറെയായിരുന്നു. മുഖ്യമന്ത്രിയെ കാണണമെന്ന ന്യായമായ ആവശ്യമുയർത്തി അവർ ഓഫീസിനു മുന്നിൽ കുത്തിയിരുന്നു.

അപമാനം ചുട്ടുപൊള്ളിച്ച അമ്മമാരെ മുഖ്യമന്ത്രിയെ അപമാനിച്ചെന്ന് പറഞ്ഞ് വലിച്ചിഴച്ച് പൊലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. സംഭവങ്ങൾക്ക് മുഴുവൻ സാക്ഷിയായിരുന്നിട്ടും വായതുറക്കാതിരുന്ന എം.എൽ.എ-മാരായ അബ്ദുൾറസാഖും എൻ.എ. നെല്ലിക്കുന്നും പത്രസമ്മേളനം നടത്തി അമ്മമാർക്കെതിരെ ഘോരഘോരം പ്രസംഗിച്ച്



വോട്ട് ചെയ്ത് വിജയിപ്പിച്ച കാസർകോട്ടെ ജനങ്ങളോട് പ്രതിബദ്ധത തെളിയിച്ചു. വീണ്ടുമൊരിക്കൽക്കൂടി ജനപ്രിയ സർക്കാരിന്റെ റോൾ ഉമ്മൻചാണ്ടി എടുത്തണിയുന്നു. അമ്മമാരെ അപമാനിച്ചയച്ച് ഒരു മാസം തികയുന്നതിനു മുൻപേ മൂന്ന് മന്ത്രിമാർ കാസർകോട്ടേക്ക്. കൃഷി മന്ത്രി കെ.പി. മോഹനൻ, ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ, സാമൂഹ്യക്ഷേമ മന്ത്രി എം.കെ. മുനീർ എന്നിവർ ദുരിതബാധിത മേഖലകൾ സന്ദർശിച്ച് പരാതി സ്വീകരിച്ചു. പിറ്റേദിവസംതന്നെ പരിഹാര നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടും മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. രണ്ടാഴ്ചയ്ക്കുള്ളിൽ മന്ത്രിസഭ കൂടി തീരുമാനം കൈക്കൊള്ളുമെന്ന അറിയിപ്പും ലഭിച്ചു. മന്ത്രിസഭ പല തവണ കൂടിയെങ്കിലും ഇരകളുടെ പ്രശ്നം ചർച്ചയ്ക്കുപോലും വന്നില്ല. കാൻസർ ദുരിതബാധിതർ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് ഇരകൾക്ക് നഷ്ടപരിഹാരത്തിന് സർക്കാർ തീരുമാനം അനിവാര്യമാണെന്നിരിക്കെയാണ് ഈ അവഗണന.

## കോർപ്പറേറ്റ് പ്രീണനത്തിൽ 'ബഹുദൂരം'

നഷ്ടപരിഹാരം നൽകുന്നതിലെ ഈ ഒളിച്ചുകളി എന്തിന് എന്നത് ന്യായമായും ഉയരുന്ന ചോദ്യമാണ്. ഇതാരുടെ ഭരണകൂടമെന്ന ചോദ്യത്തിനും ഇവിടെയാണ് പ്രസക്തി. എൻഡോസൾഫാൻ വിഷവ്യാപാരത്തിൽ കോർപ്പറേറ്റ് കമ്പനികളുടെ ദല്ലാൾ വേഷമണിഞ്ഞുകൊണ്ടിരിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മരണവ്യാപാരത്തിന്റെ മൊത്തക്കച്ചവടത്തിൽ തങ്ങളുടേതായ പങ്കുവഹിക്കുന്നുണ്ട്. തങ്ങളുടെ കോർപ്പറേറ്റ് ഭക്തികാണിച്ച് രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനപ്രതിനിധികളും നേതാക്കളും സർക്കാർ ശമ്പളം പറ്റുന്ന ശാസ്ത്രജ്ഞരും വിഷവ്യാപാരത്തിൽ കാലാകാലങ്ങളിൽ കണ്ണിചേരാറുണ്ട്. എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ. സുപ്രീംകോടതിയിൽ കയറുമ്പോൾ പ്ലാന്റേഷൻ കോർപ്പറേഷനിലെ സി.ഐ.ടി.യു. നേതാവ് കമ്പനിക്കുവേണ്ടി ഹൈക്കോടതിയെ സമീപിക്കുന്നു. ഇരകൾക്ക് നഷ്ടപരിഹാരം നൽകരുതെന്നാവശ്യപ്പെട്ട് പ്ളാന്റേഷൻ കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) സംസ്ഥാന സമിതിയംഗം എം. ഗംഗാധരൻനായരാണ് ഹൈക്കോടതിൽ ഹർജി നൽകിയിരിക്കുന്നത്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കൃഷി ശാസ്ത്രജ്ഞൻ ഡോ. ശ്രീകുമാർ പോത്താംകണ്ടം എൻഡോസൾഫാൻ പാൽപോലെ പരിശുദ്ധമെന്ന് പ്രബന്ധമവതരിപ്പിച്ച് നടക്കുന്നു. 'ശാസ്ത്രീയതെളിവുകൾ' ഉയർത്തിക്കാട്ടി സാമാന്യ യുക്തിയെയും ഇരകളുടെ ജീവിക്കാനുള്ള അവകാശത്തെയും അവഹേളിക്കുന്നതിൽ ഇത്തരക്കാർക്ക് യാതൊരു നാണവും തോന്നാറില്ല.

ഇരകൾക്ക് അർഹമായ നഷ്ടപരിഹാരവും പുനരധിവാസവും നടപ്പാക്കാത്തതു മുതൽ നിരോധനം നീളുന്നതുവരെ അധികാരവർഗങ്ങളുടെ കോർപ്പറേറ്റ് ഭക്തിയുടെ മൂർത്തരൂപമാണ് ദൃശ്യമാകുന്നത്. മനുഷ്യാവകാശ കമ്മീഷൻ സുപ്രീം കോടതിയെ സമീപിക്കുമെന്ന് ബോധ്യം വന്നപ്പോഴാണ് പ്ലാന്റേഷൻ കോർപ്പറേഷൻ സർക്കാർ നഷ്ടപരിഹാരം ആവശ്യപ്പെട്ടത്. 120.43 കോടി രണ്ട് ഗഡുക്കളായിട്ട് നൽകാനായിരുന്നു കമ്മീഷൻ നിർദ്ദേശം.

മനുഷ്യാവകാശ കമ്മീഷന് ഇതിനധികാരമില്ലെന്ന് വാദമുയർത്തി പ്ലാന്റേഷൻ കോർപ്പറേഷനും ഉൽപ്പാദകരും ഹൈക്കോടതിയെ സമീപിച്ചു. വാർഷിക വരുമാനം 120 കോടിയുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ പണമില്ലെന്നായിരുന്നു സർക്കാരിനെ അറിയിച്ചത്. കേൾക്കാൻ കാത്തിരുന്ന കേരളത്തിന്റെ കൃഷിമന്ത്രി പ്ലാന്റേഷൻ കോർപ്പറേഷൻ നഷ്ടപരിഹാരം നൽകേണ്ടന്ന് ഉത്തരവിറക്കി. പ്ലാന്റേഷൻ കോർപ്പറേഷനെ കുറ്റവിമുക്തരാക്കാനുള്ള സർക്കാർ ത്വരയുടെ പ്രഭവകേന്ദ്രം കീടനാശിനി ലോബിയോടുള്ള വിധേയത്വമാണ്. പ്ലാന്റേഷൻ കോർപ്പറേഷന് നഷ്ടപരിഹാരം നൽകിയാൽ നഷ്ടപരിഹാര കാര്യത്തിൽ കീടനാശിനി കമ്പനിക്കും ബാധ്യതവരും. അത് തടയണമെങ്കിൽ പ്ലാന്റേഷൻ കോർപ്പറേഷൻ നഷ്ടപരിഹാരം നൽകരുത്. എങ്ങനെയുണ്ട് സർക്കാർ തന്ത്രം!

എന്തായാലും കോർപ്പറേറ്റ് കമ്പനികൾക്ക് ഭരണകൂടം നൽകുന്ന ഔദാര്യം കാസർകോട്ടെ എൻഡോസൾഫാൻ ഇരകൾക്കില്ല. മനുഷ്യജീവനേക്കാൾ വിലയുണ്ട് കശുവണ്ടിക്കെന്ന് പറഞ്ഞ ഭരണകൂടത്തിൽനിന്നും ഇതിൽകൂടുതൽ പ്രതീക്ഷയ്ക്കും വകയില്ല. കാസർകോട്ടെ ജനകീയ ഇടപെടലുകളെതുടർന്ന്

പ്രതിഷേധത്തിന്റെ ഒപ്പുമരം



ഒടുവിൽ 27 കോടി രൂപ പ്ലാന്റേഷൻ കോർപ്പറേഷൻ സർക്കാരിന് നൽകേണ്ടതായി വന്നു. ഈ പണമാണ് ഇപ്പോൾ വിതരണം ചെയ്യുമെന്ന് സർക്കാർ അറിയിച്ചിരിക്കുന്നത്. പ്രധാനമന്ത്രി കാസർകോടെത്തുമെന്ന് പറഞ്ഞായിരുന്നു ഒരുകാലത്ത് സംസ്ഥാന സർക്കാർ ഇരകളെ ആശ്വസിപ്പിച്ചിരുന്നത്. സ്റ്റോക്ക്ഹോം കൺവെൻഷനിൽ ലോകരാജ്യങ്ങൾ എൻഡോസൾഫാൻ നിരോധനമാവശ്യപ്പെട്ടപ്പോൾ എൻഡോസൾഫാൻ കമ്പനികളുടെ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഇന്ത്യയുടെ പ്രധാനമന്ത്രി. കാസർകോട്ടെ കണ്ണീർ നിരോധനമെന്ന മുദ്രാവാക്യത്തിലേക്ക് ലോകരാജ്യങ്ങളെ എത്തിച്ചപ്പോൾ എൻഡോസൾഫാൻ വിഷത്തിന്റെ ക്രൂരത ഏറ്റവുമധികം അനുഭവിച്ച ഇന്ത്യയുടെ നിലപാട് മനുഷ്യത്വത്തിനെതിരായിരുന്നു.

2011 ഏപ്രിൽ 29-ന് നിലവിൽ വന്ന ആഗോളനിരോധനം മറികടക്കാൻ എൻഡോസൾഫാൻ ലോബിക്കുവേണ്ടി പുതുവഴികൾ തേടുകയായിരുന്നു കേന്ദ്ര സർക്കാർ. ഇതിനുള്ള ദൃഷ്ടാന്തമാണ് സുപ്രീംകോടതിയിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട്. നിരോധനം നടപ്പിൽ വരുത്താൻ അഞ്ച് വർഷത്തെ സാവകാശം നൽകുന്ന യു.എൻ. പ്രോട്ടോകോൾ സർക്കാരിന്റെയും കമ്പനികളുടെയും രക്ഷയ്ക്കെത്തി. നിരോധനം ആവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ. സുപ്രീംകോടതിയിൽ നൽകിയ ഹർജിയിലൂടെയാണ് സർക്കാർ വഞ്ചനക്ക് തിരിച്ചടിയേറ്റത്. നിരോധനകാര്യത്തിൽ കൃത്യമായ നിലപാടറിയിക്കാതെ ഉഴപ്പിനടന്ന കേന്ദ്ര സർക്കാരിനെ സുപ്രീംകോടതി കഴിഞ്ഞ തവണ പിടിച്ചുനിർത്തി. രൂക്ഷമായ ഭാഷയിൽ സർക്കാരിനെ വിമർശിച്ച നീതിപീഠം കൃത്യമായ നിലപാട് അറിയിക്കാൻ പുതിയ സമിതിയെ നിർദ്ദേശിച്ചു. സമിതി മാറിയെങ്കിലും സർക്കാർ മാറിയില്ല. കേരളത്തിലും കർണാടകയിലും നിരോധനം തുടരാമെന്നും മറ്റ് സംസ്ഥാനങ്ങളിൽ രണ്ടുവർഷം കൂടി ഉപയോഗിച്ചു തീർക്കാൻ അനുവദിക്കണമെന്നുമായിരുന്നു ഏറ്റവുമൊടുവിൽ സമിതി സുപ്രീംകോടതിയെ അറിയിച്ചിരിക്കുന്നത്. എൻഡോസൾഫാൻ മാരകരോഗങ്ങൾക്ക് കാരണമാകുന്ന വിഷമാണെന്നും സമിതി കോടതിയെ ബോധിപ്പിച്ചിട്ടുണ്ട്. അത്രയെങ്കിലും ആശ്വാസം!

## കമ്പനികളുടെ വാദത്തിന് പിന്തുണ കേന്ദ്രസർക്കാർ

രാജ്യത്ത് കെട്ടിക്കിടക്കുന്ന എൻഡോസൾഫാൻ ഉപയോഗിച്ചു തീർക്കാൻ നിരോധനം നീട്ടണമെന്നത് കമ്പനികളുടെ ആവശ്യമാണ്. നിർവീര്യമാക്കൽ എളുപ്പമല്ലെന്നും 1100 കോടിരൂപ ഇതിനായി ചെലവഴിക്കേണ്ടി വരുമെന്നുമാണ് കമ്പനികളുടെ വാദം. ഈ വാദത്തിന് ന്യായീകരണം നൽകിയിരിക്കുകയാണ് സുപ്രീം കോടതിയിൽ കേന്ദ്ര സർക്കാർ. കമ്പനികളുടെ കീശ കാലിയാകാതിരിക്കാൻ രാജ്യത്തെ കർഷകർ വിഷം ഉപയോഗിച്ചു തീർക്കണം. ഔദ്യോഗിക കണക്കുപ്രകാരം കാസർകോട്ട് മാത്രം 700-റിൽ പരം ഇരകൾ പിടഞ്ഞു മരിച്ചിട്ടുണ്ട്. യാഥാർത്ഥ്യം ഇതിനുമുയരെയാണ്. ആയിരക്കണക്കിന് നിത്യരോഗികളും. എന്നാൽ ഇതിനെക്കാളൊക്കെ മൂല്യം സർക്കാർ കണ്ണിൽ കോർപ്പറേറ്റുകളുടെ മൂലധനത്തിനു തന്നെ.

പ്രതിഷേധവുമായി വീട്ടമ്മമാർ



വിഷമാണെന്ന് സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകുന്ന സമിതി തന്നെ വിഷം ഉപയോഗിച്ചു തീർക്കണമെന്ന് പറയുന്നതിലെ യുക്തിയും പിടികിട്ടുന്നില്ല. കേരളത്തിലും കർണാടകയിലും നിരോധിക്കപ്പെട്ട വിഷം മറ്റ് സംസ്ഥാനങ്ങളിൽ വിറ്റഴിക്കുന്നതെങ്ങനെ? ലോകവ്യാപകമായി എൻഡോസൾഫാൻ നിരോധിച്ചത് മറക്കുകയാണ് സർക്കാർ. എൻഡോസൾഫാൻ ദുരന്തം കേരളത്തിന്റെയും കർണാടകയുടെയും മാത്രം പ്രശ്നമാണെന്ന് വരുത്തിതീർക്കുന്ന സർക്കാർ ഇന്ത്യയിലെ ദുരിതബാധിതരുടെ മൊത്തം കണക്കെടുക്കണമെന്ന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശത്തെയും അട്ടിമറിച്ചു. രാജ്യത്ത് നിലവിലുള്ള എൻഡോസൾഫാൻ നിർവീര്യമാക്കുക പ്രായോഗികമല്ലെന്ന സർക്കാരിന്റെയും കമ്പനികളുടെയും നിലപാടിനുള്ള മറുപടിയാണ് കാസർകോട്ട് ആരംഭിച്ച 'ഓപ്പറേഷൻ ബ്ലോസം സ്പ്രിംഗ്.' സുപ്രീംകോടതിയിൽ നിർണായക തെളിവായി മാറിയേക്കാവുന്ന ഈ നിർവീര്യമാക്കൽ പദ്ധതി പക്ഷേ, ഇഴഞ്ഞു നീങ്ങുകയാണ്.

കമ്പോളലാഭത്തിൽ കണ്ണും നട്ടിരിക്കുന്ന കോർപ്പറേറ്റുകളുടെ വ്യാവസായിക സിദ്ധാന്തങ്ങളിൽ മനുഷ്യത്വത്തിന് സ്ഥാനമുണ്ടാകില്ല. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ അതിനൊത്ത് തരംതാഴുന്നതാണ് ഇന്ത്യൻ ഭരണവ്യവസ്ഥിതിയിലെ ഇന്നത്തെ ദുരവസ്ഥ. തങ്ങളുടെ അമ്മമാരുടെ ഗർഭപാത്രങ്ങൾ വിഷവിമുക്തമാക്കാൻ സിനാനെപ്പോലുള്ള നൂറുകണക്കിന് കുഞ്ഞുങ്ങൾ നിശബ്ദമായി യാചിക്കുമ്പോൾ 'ഹൃദയശൂന്യനായ വ്യവസായി'യെപോലെയാണ് ഭരണകൂടം പെരുമാറുന്നത്. ●